J-1
1248 20/11

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.1248

03.12.15-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ കെ.ഡി.എച്ച് വില്ലേജിൽ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര പട്ടയങ്ങൾ വിതരണം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ;

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) കെ.ഡി.എച്ച് വില്ലേജിൽ നിലവിൽ പതിവ് നടപടികൾ സ്വീകരിക്കുന്നില്ല. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കെ.ഡി.എച്ച് വില്ലേജിലെ ഗുണഭോക്താക്കളായ 63 പേർക്ക് പള്ളിവാസൽ വില്ലേജിൽ പട്ടയം നൽകിയിട്ടുള്ളതാണ്. രണ്ടാം ഘട്ടത്തിൽ കെ.ഡി.എച്ച് വില്ലേജിലെ ഗുണഭോക്താക്കളായ 588 പേർക്ക് വട്ടവട വില്ലേജിൽ പട്ടയം തയ്യാറാക്കിയിട്ടുള്ളതും 368 പേർ പട്ടയം കൈപ്പറ്റിയിട്ടുള്ളതുമാണ്. കെ.ഡി.എച്ച് വില്ലേജിൽ 218 പേർക്ക് അസൈൻമെന്റ് ഓർഡർ നൽകിയിട്ടുണ്ടെങ്കിലും പട്ടയങ്ങൾ നൽകിയിട്ടില്ല.

(ബി) പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതിയിൽ വീട് അനുവദിച്ചിട്ടുള്ള ആളുകളുടെ കൈവശ ഭൂമിക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിച്ച് ആയതിന് പരിഹാരം കാണുമോയെന്ന് വ്യക്തമാക്കുമോ?

(ബി) കെ.ഡി.എച്ച് വില്ലേജ് 1971 ലെ കണ്ണൻദേവൻ ഹിൽ (ഭൂമി വീണ്ടെടുക്കൽ) നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 1971 നു മുൻപുള്ള എല്ലാ അനധികൃത കൈവശാവകാശങ്ങളും റദ്ദായിട്ടുള്ളതും 1971 നു ശേഷമുള്ള എല്ലാ കൈയ്യേറ്റങ്ങളും പൂർണ്ണമായി നിരോധിച്ചിട്ടുള്ളതുമാണ്. 1971 ലെ കണ്ണൻ ദേവൻ ഹിൽ പതിവു ചട്ടങ്ങളിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചു മാത്രമേ ടി വില്ലേജിൽ പട്ടയാവകാശം നൽകാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ നിലവിലുള്ള കൈവശക്കാർക്കൊന്നും കൈവശരേഖ നൽകാനാകാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്.

Sindhya

സെക്ഷൻ ഓഫീസർ